പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2535**

**19.03.2015** ൽ മറുപടിക്ക്

## പുറക്കാട് ഗ്രാമപഞ്ചായത്തിലെ കടൽ ഭിത്തി നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) പുറക്കാട് ഗ്രാമപഞ്ചായത്തിലെ പുലിമുട്ടുകളുടെ നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കുമോ; | (എ) | പുറക്കാട് ഗ്രാമപഞ്ചായത്തിലെ പുലിമുട്ടുകളുടെ നിർമ്മാണത്തിന് 10 കോടി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഏതു സ്കീമിൽ ഉൾപ്പെടുത്തിയാണ് പുലിമുട്ട് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2 എണ്ണം നബാർഡ് സ്കീമിലും 2 എണ്ണം സ്റ്റേറ്റ് സ്കീമിലും. |
| (സി) 1, 18 വാർഡുകളിൽ പുലിമുട്ട് നിർമ്മിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ഡി) മുഖ്യമന്ത്രിയുടെ ചേംബറിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ; യോഗത്തിന്റെ തീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (സി) & (ഡി) | ഉണ്ട്. തുകയൊന്നും വകയിരിത്തിയിട്ടില്ല.<br>മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ യോഗത്തിലെ തീരുമാനപ്രകാരം പുലിമുട്ടുകളുടെ നിർമ്മാണത്തിന് ആവശ്യമായ 22.5 കോടി രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ലഭിച്ചതിൽ ചേന്നാവേലി, ആയിരംതൈ എന്നിവിടങ്ങളിലെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മിനിറ്റ്സ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) 1, 18 വാർഡുകളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ; | (ഇ) | ഇല്ല. |

| | | | |
|---|---|---|---|
| (എഫ്) | അടുത്ത മൺസൂൺ കടലാക്രമണത്തിന് മുമ്പ് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോ? | (എഫ്) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ കഴിയുക യുള്ളൂ. |
| (ജി) | സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പുലിമുട്ട് നിർമ്മിക്കുന്നതിന് തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരി ക്കാമോ? | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം : 2

03/06/2014 ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്

യോഗം 12.15 ന് ആരംഭിച്ചു. ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണം പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബഹു. എം.പി. ശ്രീ. കെ. സി. വേണുഗോപാൽ ആമുഖമായി വിഷയം അവതരിപ്പിച്ചു. ഡോ. ടി. എം തോമസ് ഐസക് എം.എൽ.എ. ശ്രീ. എ. എം. ആരിഫ് എം.എൽ.എ, ശ്രീ. ടി. തിലോത്തമൻ എം.എൽ.എ, വിവിധ ജനപ്രതിനിധികൾ പഞ്ചായത്ത് മെമ്പർമാർ തീരദേശ സംരക്ഷണ സമിതി പ്രതിനിധികൾ എന്നിവർ ആലപ്പുഴ ജില്ലയിലെ രൂക്ഷമായ കടലാക്രമണത്തേയും അത് പ്രതിരോധിക്കേണ്ട അടിയന്തിര പ്രാധാന്യം സംബന്ധിച്ചും അഭ്യർത്ഥിക്കുകയുണ്ടായി.

ഇത് സംബന്ധിച്ച് നടന്ന ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

1. നബാർഡ് RIDF XIX ന്റെ ധനസഹായത്തോടെ ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള നിയമമനുസരിച്ച് 5 കോടിയിൽ കൂടുതൽ തുകക്കുള്ള പ്രവൃത്തികൾക്ക് P.Q. ടെണ്ടർ മുഖാന്തിരമാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. എന്നാൽ കടലാക്രമണത്തിന്റെ രൂക്ഷത കണക്കിലെടുത്ത് പ്രവൃത്തി എത്രയും പെട്ടെന്ന് നടപ്പിലാക്കുവാൻ വേണ്ടി 6 കോടി രൂപ വരെയുള്ള പ്രവൃത്തി P.Q. ഇല്ലാതെ ഓപ്പൺ ടെണ്ടർ സിസ്റ്റത്തിൽ ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചു.
2. ഐ.ഐ.ടി യുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിന് 5 പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പിന്റെ റിപ്പോർട്ടിൽ കൊടുത്തിരിക്കുന്ന 24.08 കോടി രൂപയ്ക്കുള്ള ഭരണാനുമതി അടിയന്തിരമായി നൽകി ടെണ്ടർ ചെയ്ത് നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ഇതിനാവശ്യമായ തുക നബാർഡ് RIDF XX (2014-15) ൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. ANNEXURE I

3. രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ ജില്ലയിലെ വട്ടച്ചാൽ, മംഗലം, പതിയാങ്കര, പല്ലന, തോപ്പിൽ തൈമൂല, കൊച്ചുപൊഴിക്ക് വടക്ക് തുമ്പോളിപ്പുഴയ്ക്ക് തെക്ക്, ചേന്നവേലി, അർത്തുങ്കൽ മുതലായ സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനു വേണ്ടി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ചെന്നൈ ഐഐടി യ്ക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുവാനും, ടി തുക സ്പെഷ്യൽ ലെറ്റർ ഓഫ് ക്രഡിറ്റ് വഴി നൽകുവാനും തീരുമാനിച്ചു. ഈ 10 സ്ഥലങ്ങളിലെ പുലിമുട്ടുകളുടെ നിർമ്മാണം നബാർഡ് RIDF XX ൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.
4. രൂക്ഷമായ കടലാക്രമണത്തിന്റെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ താൽക്കാലികമായി കല്ലിട്ട് തീരം സംരക്ഷിക്കുന്നതിനു വേണ്ടി 10 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചു. ബഡ്ജറ്റ് വിഹിതത്തിനായി ധനകാര്യവകുപ്പിനെ സമീപിക്കണം.

ANNEXURE II

വലിയഴീക്കൽ, പല്ലന, കാട്ടൂർ വടക്ക്, അർത്തുങ്കൽ മുതലായ കടൽ ഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി 23.15 കോടി രൂപയുടെ ഭരണാനുമതി State fund- ൽ നൽകി പ്രവൃത്തി ആരംഭിക്കുന്നതിനും തീരുമാനിച്ചു. ഇതിന് ധനകാര്യ വകുപ്പിനെ സമീപിക്കേണ്ടതാണ്.

ANNEXURE III

Annexure I

II. **PROPOSAL SUBMITTED FOR ASE WORKS UNDER NABARD ASSISTANCE2014-15 (STUDY REPORT AVAILABLE)**

| SL. | Name of work | Amount in lakhs |
|---|---|---|
| 1 | Construction of groin field from Ch: 74.880 Km to 75.275 Km at Purakkad Panchayath in Ambalapuzha LA constituency. | 260.00 |
| 2 | Construction of groin field from Ch: 75.275 Km to 76.280 Km at Purakkad Panchayath in Ambalapuzha LA constituency. | 800.00 |
| 3 | Construction of groin field from Ch: 76.280 Km to 77.280 Km at Purakkad Panchayath in Ambalapuzha LA constituency. | 801.00 |
| 4 | Construction of groin field from Ch: 105.878 Km to 106.154 Km at Chennaveli including sea wall. | 264.00 A.S Issued |
|  | Construction of groin field from Ch: 112.014 Km to 112.214 Km at Ayiramthai including sea wall. | 283.00 A.S Issued |

Section Officer